**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ: ശ്രീറാം വെങ്കിട്ടരാമൻ IAS)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് -ജീവനക്കാര്യം - 2% ക്വാട്ടയിൽ താൽക്കാലിക കൃഷി ഓഫീസർമാരെ റഗുലറൈസ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം :-
1) സ .ഉ (ആർ.റ്റി ) നമ്പർ 1342/2008/AD തീയതി 10/7/2008
2) സ .ഉ (ആർ.റ്റി ) നമ്പർ 1246/2012/AD കൃഷി തീയതി 12/02/2012
3) കൃഷി ഡയറക്ടറുടെ ഉത്തരവ് നമ്പർ എസ് ഡി (1) 26167/2011 തിയതി 02/08/2012
4) സ .ഉ (എം. എസ് ) 61/2018/കൃഷി (ഇഎ) തിയതി 10/04/2018
5) സ .ഉ (എം. എസ് ) 838/2017/കൃഷി (ഇഎ) തിയതി 02/09/207
6) സ .ഉ (എം. എസ് ) 130/2019/കൃഷി (ഇഎ) തിയതി 16/11/2019
7) കൃഷി യറക്ടറുടെ ഉത്തരവ് നമ്പർ എസ് ഡി (1) 15043/2018 തിയതി 23/11/2019
8) സർക്കാർ കത്ത് നമ്പർ AGRI-EA2/14/2025-AGRI തിയതി 19/02/2025

**ഉത്തരവ് നമ്പർ ADFW/4693/2023-SD1 തീയതി . 05-03-2025**

പരാമർശം (1) പ്രകാരം വകുപ്പിൽ നിലവിലുള്ള കൃഷി ഓഫീസർ തസ്തികയുടെ 2% ഒഴിവുകൾ കൃഷിശാസ്ത്രം / ഹോർട്ടികൾച്ചർ ബിരുദവും കൃഷി അസിസ്റ്റൻറ് തസ്തികയിൽ മൂന്ന് വർഷ സേവനമുള്ള കൃഷി അസിസ്റ്റന്റ്മാർക്കായി നീക്കി വെച്ചിട്ടുണ്ട്.

2012 വർഷത്തിൽ കൃഷി ഓഫീസർ തസ്തികയിൽ പി. എസ് സി റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്നതിനാലും 13 % കോട്ടയിൽ നിയമിക്കുന്നതിന് യോഗ്യതയുള്ള കൃഷി അസിസ്റ്റന്റ് മാർ ഇല്ലാതിരുന്നതിനാലും വകുപ്പിൽ കൃഷി ഓഫീസർമാരുടെ നിരവധി ഒഴിവുകൾ നിലനിന്നിരുന്നതിനാൽ കൃഷി ശാസ്ത്രത്തിൽ ബിരുദം നേടിയശേഷം 3 വർഷം സേവനമുള്ള കൃഷി അസിസ്റ്റന്റ്മാരെ പരാമർശം 3 പ്രകാരം താൽക്കാലിക കൃഷി ഓഫീസർമാരായി

നിയമിച്ച് ഉത്തരവായിരുന്നു. പരാമർശം 7 ലെ ഉത്തരവ് പ്രകാരം ക്രമനമ്പർ 2 ശ്രീമതി. സൂസൻ തോമസ് മുതൽ ശ്രീ.കെ വി ബിനോയ് വരെയുള്ള 10 താൽക്കാലിക കൃഷി ഓഫീസർമാരെ ജോലിയിൽ പ്രവേശിച്ച തിയതി പ്രാബല്യത്തിൽ റഗുലറൈസ് ചെയ്ത് ഉത്തരവായിരുന്നു.

2% കോട്ടയിൽ കൃഷി ഓഫീസർ തസ്തികയിൽ ചുവടെ ചേർക്കും പ്രകാരം ഒഴിവുകൾ നിലവിൽ വന്നു.

| വർഷം | ഒഴിവുകളുടെ എണ്ണം |
|---|---|
| 2022 | 1 |
| 2023 | 7 |
| 2024 | 11 |

ബൈ ട്രാൻസ്ഫർ പ്രമോഷൻ സംബന്ധിച്ച് വിവിധ കേസുകൾ നിലനിന്നിരുന്നതിനാൽ 2022, 2023, 2024 വർഷങ്ങളിൽ 2% ക്വോട്ടയിൽ കൃഷി ഓഫീസർ തസ്കിയിൽ ബൈ ട്രാൻസ്ഫർ പ്രമോഷൻ നൽകുന്നതിനും സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും വകുപ്പിൽ വകുപ്പുതല പ്രമോഷൻ കമ്മറ്റി (ലോവർ) കൂടിയിരുന്നില്ല.

28/1/2025 ൽ കൂടിയ വകുപ്പ് തല പ്രമോഷൻ കമ്മിറ്റി (ലോവർ) രണ്ടു ശതമാനം ക്വോട്ടയിൽ കൃഷി ഓഫീസർ തസ്തികയിൽ നിയമനം / റെഗുലറൈസേഷൻ നൽകുന്നതിന് താൽക്കാലിക കൃഷി ഓഫീസർമാരും കൃഷി അസിസ്റ്റൻറ്മാരും ഉൾപ്പെട്ട ലിസ്റ്റ് പരിശോധിച്ചു നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ 2% ക്വോട്ടയിൽ ബൈ ട്രാൻസ്ഫർ പ്രമോഷന് / റഗുലറൈസേഷന് യോഗ്യരാണെന്ന് കണ്ടെത്തിയതു പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് പരാമർശം (8) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. രണ്ട് ശതമാനം ക്വോട്ടയിൽ കൃഷി ഓഫീസർ തസ്തികയിലെ സാങ്ഷൻഡ് സ്ട്രെങ്ത് 22 ആണ് . ആയതിൽ 19 ഒഴിവുകളാണ് നിലവിലുള്ളത്. പ്രസ്തുത ഒഴിവുകളിൽ ബൈ ട്രാൻസ്ഫർ പ്രമോഷൻ / റഗുലറൈസേഷൻ നൽകുമ്പോൾ സാങ്ഷൻഡ് സ്ട്രെങ്ത് 22 ആയി നിലനിൽക്കുന്നതാണ്.

മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന താൽക്കാലിക കൃഷി ഓഫീസർമാരെ അവരുടെ പേരിന് നേരെ കൊടുത്തിരിക്കുന്ന തിയതിയിൽ രണ്ട് ശതമാനം ക്വോട്ടയിൽ കൃഷി ഓഫീസർ തസ്തികയിൽ 55,200- 1,15,300 ശമ്പള സ്കെയിലിൽ കൃഷി ഓഫീസർ തസ്തികയിൽ റഗുലറൈസ് ചെയ്ത് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് / തസ്തിക / നിലവിലെ ഓഫീസ് | റഗുലറൈസ് ചെയ്യുന്ന തിയതി |
|---|---|---|

| | | | |
|---|---|---|---|
| 1 | വിമൽകുമാർ എം.എസ്<br>താൽക്കാലിക കൃഷി ഓഫീസർ<br>കൃഷിഭവൻ ചെറുണ്ണിയൂർ<br>തിരുവനന്തപുരം | 01/02/2023 | |
| 2 | വിജയലക്ഷ്മി. സി.എച്ച്<br>താൽക്കാലിക കൃഷി ഓഫീസർ<br>കൃഷിഭവൻ തുറയൂർ<br>കോഴിക്കോട് | 24/06/2023 | |
| 3 | വി. എം. ശ്രീദേവി<br>താല്ക്കാലിക കൃഷി ഓഫീസർ<br>കൃഷിഭവൻ നല്ലേപ്പിള്ളി<br>പാലക്കാട് | 06/10/2023 | |
| 4 | പ്രകാശ് ക്രിസ്റ്റ്യൻ<br>താല്ക്കാലിക കൃഷി ഓഫീസർ<br>കൃഷിഭവൻ മലയിൽകീഴ്<br>തിരുവനന്തപുരം | 06/10/2023 | |
| 5 | ഷീൻ ജോൺസ്<br>താല്ക്കാലിക കൃഷി ഓഫീസർ<br>കൃഷിഭവൻ കൊല്ലയിൽ<br>തിരുവനന്തപുരം | 06/10/2023 | |
| 6 | ബിന്ദു ജോർജ്<br>താല്ക്കാലിക കൃഷി ഓഫീസർ<br>കൃഷിഭവൻ ബദഡിക്ക<br>കാസർകോഡ് | 06/10/2023 | |
| 7 | ബിനിഷ .ബി<br>താല്ക്കാലിക കൃഷി ഓഫീസർ<br>കൃഷിഭവൻ കുണ്ടറ, കൊല്ലം | 01/06/2024 | |
| 8 | ബൈജു.എൽ.എസ്<br>താല്ക്കാലിക കൃഷി ഓഫീസർ<br>കൃഷിഭവൻ വെള്ളറട | 30/11/2024 | |

| | | |
|---|---|---|
| | തിരുവനന്തപുരം | |
| 9 | എസ് .ഗായത്രി ദേവി<br>താല്ക്കാലിക കൃഷി ഓഫീസർ<br>കൃഷിഭവൻ<br>ഞാറയ്ക്കൽ, എറണാകുളം | 30/11/2024 |
| 10 | പ്രദീപ്. പി.വി<br>താല്ക്കാലിക കൃഷി ഓഫീസർ<br>കൃഷി ഡയറക്ടറേറ്റ്<br>തിരുവനന്തപുരം | 30/11/2024 |

മേൽ സ്ഥാനകയറ്റം ശ്രീ. ബിനോയ് വി ആർ തുടങ്ങിയവർ ഫയൽ ചെയ്ത (ഓ പി) (KAT) 425 / 2023 ന് മേൽ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ അന്തിമവിധിക്ക് വിധേയമായിരിക്കും.

മേൽ പട്ടിക പ്രകാരം റെഗുലറൈസേഷൻ ലഭിച്ചവർ പ്രമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിൽ രണ്ടു വർഷത്തെ പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതും ടി കാലയളവിൽ അക്കൗണ്ട് ടെസ്റ്റ് ലോവർ പാസ്സായിരിക്കേണ്ടതുമാണ്.

Dr Sriram Venkitaraman IAS
DIRECTOR

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രിൻസിപ്പൽ
കൃഷി ഓഫീസർ മുഖാന്തരം

പകർപ്പ്

- ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക്
- ഡോ. ശ്രീകുമാർ, മെമ്പർ, കെ പി എസ് സി
  തുവനന്തപുരം
- അഡിഷണൽ സെക്രട്ടറി, കൃഷി വകുപ്പ്, ഗവൺമെന്റ്
  സെക്രട്ടറിയേറ്റ്
- എസ് സി / എസ് ബി സെക്ഷന്
- അക്കൗണ്ടൻറ് ജനറൽ എ & ഇ /കേരള
  തിരുവനന്തപുരം

. കരുതൽ ഫയൽ